(13) ലേബർ ബ്യൂറോ ഓഫ് ഇൻഡ്യ പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വില സൂചിക പ്രകാരം വിലനിലവാരം ഏറ്റവും കുറവുള്ള രാജ്യത്തെ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം.

(14) പച്ചക്കറികളുടെ വിലയിൽ ഉണ്ടായേക്കാവുന്ന വില വർദ്ധനവ് തടയുന്നതിലേക്കായി സപ്ലൈകോയുടെ തെരഞ്ഞെടുക്കപ്പെട്ട സൂപ്പർ മാർക്കറ്റുകളിലും ഹൈപ്പർ മാർക്കറ്റുകളിലും പീപ്പിൾസ് ബസാറുകളിലും എല്ലായിനം പച്ചക്കറികളിലും പൊതു വിപണി വിലയെക്കാൾ വിലക്കുറവിൽ വിൽപ്പന നടത്തി വരുന്നുണ്ട്.

(സി) വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ നിലവിലുള്ള സംവിധാനം തന്നെ പര്യാപ്തമാണ്. സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ഉൾപ്പെടെ കൂടുതൽ വിൽപ്പനശാലകൾ പുതുതായി ആരംഭിച്ച് ഈ പദ്ധതി ശക്തിപ്പെടുത്തുവാൻ ആവശ്യമായ നടപടിയെടുത്തുവരുന്നു. ഇതിനായി 2010-2011 വർഷത്തിൽ 500 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇത് കഴിഞ്ഞ 2009-2010 വർഷത്തിൽ 83 കോടി രൂപയായിരുന്നു.

സഞ്ചരിക്കുന്ന നിത്യോപയോഗ വിൽപ്പനശാലകൾ

81 (147) ശ്രീ. പി. തിലോത്തമൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര സഞ്ചരിക്കുന്ന നിത്യോപയോഗ വിൽപ്പനശാലകൾ പ്രവർത്തിക്കുന്നുണ്ട് ; പ്രസ്തുത ശാലകളിൽ പൊതു കമ്പോളത്തിൽ ലഭിക്കുന്നതിനേക്കാൾ കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ ലഭിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) എങ്കിൽ പൊതു കമ്പോളത്തിലെ നിത്യോപയോഗ സാധനങ്ങളുടെ വിലയും സഞ്ചരിക്കുന്ന വിൽപ്പനശാലകളിലെ വിലയും തമ്മിൽ താരതമ്യം ചെയ്യുമോ ;

(സി) ഇത്തരം വിൽപ്പനശാലകൾ സഞ്ചരിക്കുന്ന മേഖലകൾ ഏതെല്ലാം ; പഞ്ചായത്തുകളിൽ ഇത്തരം ശാലകൾ സഞ്ചരിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ഗ്രാമപഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ഇവയുടെ പ്രവർത്തനം വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരം നൽകാമോ ?

ഉത്തരം

(എ) സപ്ലൈകോയുടെ കീഴിൽ സംസ്ഥാനത്ത് ഇപ്പോൾ എട്ട് സഞ്ചരിക്കുന്ന നിത്യോപയോഗ വിൽപ്പനശാലകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത വിൽപ്പനശാലകളിൽ കൂടി മാവേലി സ്റ്റോറുകളിലെ അതേ വിലയ്ക്ക് തന്നെ എല്ലാ സാധനങ്ങളും വിറ്റുവരുന്നു. പൊതുകമ്പോള വിലയെക്കാൾ ശരാശരി

LIBRARY ARCHIVES Kerala Legislative Assembly

50% വിലക്കുറവിൽ വിൽക്കുന്നതിനു പുറമേ മാവേലി ഇതര സാധനങ്ങൾ പൊതു കമ്പോളത്തിലുള്ള വിലയേക്കാൾ ഏകദേശം 3% മുതൽ 7% വരെ വിലക്കുറവിൽ പൊതു ജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്.

(ബി)

ഇനം	സഞ്ചരിക്കുന്ന വിൽപ്പനശാലയുടെ 2010 ഡിസംബർ മാസത്തെ വില	പൊതു കമ്പോളത്തിലെ 2010 ഡിസംബർ മാസത്തെ വില	വ്യത്യാസം (ശതമാനത്തിൽ)
(1)	(2)	(3)	(4)
ചെറുപയർ	28	62.40	123
ഉഴുന്ന് തൊലി കളഞ്ഞത്	36	76.40	112
ഉഴുന്ന് പിളർന്നത്	31	73.33	137
വൻകടല	20	39.80	99
വൻപയർ	26.50	41.25	56
തുവരപ്പരിപ്പ്	34	63.60	87
പീസ്പരിപ്പ്	18	32.00	78
മുളക്	45	70.20	56
മല്ലി	39	49.40	27
ജീരകം	96	188.98	97
കടുക്	22	51.00	132
ഉലുവ	28	56.40	101

(സി) മലയോര ആദിവാസി മേഖലകൾക്ക് മുൻഗണന നൽകിയാണ് ഇത്തരം വിൽപ്പനശാലകൾ പ്രവർത്തിക്കുന്നത്. ഇത്തരം പ്രദേശങ്ങളടങ്ങിയ പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പുതിയ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly